A

# സമഗ്രശിക്ഷാ കേരളം

702

## വാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം

## കേരള പാഠാവലി

ക്ലാസ് - 7 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. താഴെക്കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
2. മൂല്യനിർണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

നീർമാതളപ്പൂക്കളുടെ സുഗന്ധം കാറ്റിൽ വന്നെത്തുന്ന എത്രയോ നേർത്ത ഒരു ഗാനശകലം പോലെയാണ്. ചെണ്ടകൊട്ട് പോലെയുള്ളതും വീണധ്വനി പോലെയുള്ളതുമായ ഗന്ധങ്ങൾ മറ്റു ചില പുഷ്പങ്ങൾക്കുണ്ടായിരിക്കാം. ഉദാഹരണത്തിന് ചെമ്പകം. തായമ്പകപോലെയല്ലേ അതിന്റെ മണം? പനിനീർപ്പൂക്കളുടെ സുഗന്ധം വീണയെ അനുസ്മരിപ്പിക്കുന്നു. പാരിജാതം - നാലപ്പാട്ട് പടിഞ്ഞാറേമുറ്റത്തിൽ തലയുയർത്തിപ്പിടിച്ചുനിന്ന് വെയിലും തലതാഴ്ത്തി മഴയും കൊണ്ടിരുന്ന ആ മരം - പൂത്തകാലം ആ പരിസരത്ത് ഒരു ഗാനം ഉയർത്തിയില്ലേ? മഠത്തിലെ മുറ്റത്തെ പവിഴമല്ലി ജലതരംഗത്തിന്റെ മണിനാദങ്ങൾ ഉയർത്തിയില്ലേ?

*നീർമാതളം പൂത്തകാലം* *മാധവിക്കുട്ടി*

എ) നീർമാതളപ്പൂക്കളുടെ സുഗന്ധം കാറ്റിൽ വന്നെത്തുന്നത് ഏതു പോലെയാണ്?

(ചെണ്ടകൊട്ട് പോലെ, ഗാനശകലം പോലെ, തായമ്പകപോലെ)

ബി) വീണയെ അനുസ്മരിപ്പിക്കുന്നത് ഏതു പൂവിന്റെ സുഗന്ധമാണ്?

(പനിനീർപ്പൂവിന്റെ, പാരിജാതത്തിന്റെ, നീർമാതളത്തിന്റെ)

സി) പവിഴമല്ലി ജലതരംഗത്തിന്റെ മണിനാദങ്ങൾ ഉയർത്തിയതെങ്ങനെ?

(പവിഴമല്ലികളിലെ മഞ്ഞുതുള്ളികളിൽ കാറ്റേറ്റ്, പവിഴമല്ലികൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ, പവിഴമല്ലികൾ പൊഴിയുമ്പോൾ)

ഡി) തായമ്പക പോലെ മണമുതിർക്കുന്ന പൂവേത്?

(ചെമ്പകം, പാരിജാതം, നീർമാതളം)

ഇ) 'തലയുയർത്തിപ്പിടിച്ചു നിന്ന് വെയിലും തലതാഴ്ത്തി മഴയും കൊണ്ടിരുന്ന ആ മരം' എന്ന പ്രയോഗത്തിലൂടെ അർഥമാക്കുന്നതെന്ത്?

(ജീവജാലങ്ങൾ പ്രകൃതിയെ വെറുക്കുന്നു, ജീവജാലങ്ങൾ പ്രകൃതിയോടിണങ്ങി ജീവിക്കുന്നു, ജീവജാലങ്ങൾ പ്രകൃതിയെ ഭയക്കുന്നു.)

**പ്രവർത്തനം 2 - അനുഭവക്കുറിപ്പ്**

'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട' എന്നാണല്ലോ.

നിങ്ങൾക്കുമുണ്ടാകില്ലേ കൂട്ടുകാരുമായുള്ള ഒട്ടേറെ അനുഭവങ്ങൾ? ഉറ്റചങ്ങാതിയുമായി ബന്ധപ്പെട്ട് നിങ്ങൾക്കുള്ള ഒരനുഭവം കുറിപ്പായി എഴുതുക.

**പ്രവർത്തനം 3**

**എ) ലഘു ഉപന്യാസം**

*രണ്ടുപുഴ ശരീരങ്ങൾക്കിടയിൽ നനഞ്ഞും വിയർത്തും ചേർന്നു കിടക്കുന്ന നഗരമാണ് പാലക്കാട്. ഭാരതപ്പുഴയുടെ രണ്ടു കൈവഴികളായ കണ്ണാടിപ്പുഴയും കൽപ്പാത്തിപ്പുഴയും നഗരത്തെ തൊട്ടുരുമ്മിയാണ് ഒഴുകിപ്പോകുന്നത്. ഒപ്പം നഗരത്തിനും നഗരവാസികൾക്കും ദേഹം മിനുക്കുവാനുള്ള ജലകണ്ണാടികളുമാണ് ഈ പുഴകൾ.*

തന്റെ നാടിനെ കുറിച്ച് 'ഹരിമാഷ്' എഴുതിയതാണ് ഈ വരികൾ - ഇതുപോലെ നിങ്ങളുടെ നാടിനെകുറിച്ച് അറിയുന്നതും ശേഖരിച്ചതുമായ വിവരങ്ങൾ ഉൾപ്പെടുത്തി ലഘു ഉപന്യാസം തയ്യാറാക്കുക.

ബി) സമാനപദം എഴുതുക - കോകിലം

(കുയിൽ, മയിൽ, വണ്ട്)

**പ്രവർത്തനം 4**

**എ) വാങ്മയചിത്രം**

*കരിമ്പനകൾ തിടമ്പേറ്റി നിൽക്കുന്ന പാടവരമ്പിലൂടെ പച്ചപ്പായലുകൾ ചായം വരച്ച കൽപ്പടവുകൾ കയറിയാൽ എന്റെ വീട്ടിലെത്താം.*

വിനു തന്റെ വീടിനെ കുറിച്ച് തയ്യാറാക്കിയ വാങ്മയചിത്രത്തിന്റെ തുടക്കമാണിത്. നിങ്ങളുടെ വീടിനെകുറിച്ച് വാങ്മയചിത്രം തയ്യാറാക്കുക.

ബി) പ്രാതൽ എന്ന കഥ എഴുതിയതാര്?

(എസ്. ഗുപ്തൻ നായർ, വി.കെ.എൻ., ടി. പത്മനാഭൻ)

**പ്രവർത്തനം 5**

**എ) ശീർഷകം നൽകുക**

*ഏറെ മോഹിച്ച ഒരു പെട്ടി ചായപ്പെൻസിൽ, ആരോ മറന്നു വച്ചത് എടുത്തുകൊണ്ടു പോയി, ഞാൻ രാത്രി കൊതിതീരുവോളം വരച്ചു. പിറ്റേന്ന് മറക്കാതെ ക്ലാസ്സിൽ കൊണ്ടു വന്നു. എന്നിട്ടും ആരും എന്നെ കേട്ടില്ല. കള്ളൻ എന്നു മുദ്രകുത്തി. അന്നു മുതൽ ക്ലാസ്സിൽ എന്തു കളവ് പോയാലും എന്നെ ആദ്യം പരിശോധിക്കും. പതിവുപോലെ ഏഴാം ക്ലാസ്സിൽ എത്തിയപ്പോൾ ടീച്ചറോട് കുട്ടികൾ പറഞ്ഞു. "ഇവൻ ഒന്നിൽ പഠിക്കുമ്പോൾ ചായപ്പെൻസിൽ കട്ടെടുത്തിട്ടുണ്ട്. പക്ഷേ ദീപ ടീച്ചർ എന്നെ ചേർത്തുപിടിച്ചു ഇങ്ങനെ പറഞ്ഞു "മേലിൽ ഇനി ഇവനെ ഇങ്ങനെ പറയരുത്. അവൻ അങ്ങനെ ചെയ്തിട്ടില്ല. ഇനി ചെയ്യുകയുമില്ല. അല്ലേ മോനേ." ഞാൻ ടീച്ചറെ ചേർത്തു പിടിച്ചു. അന്നു മുതൽ എന്റെ ആകാശത്തിന് നീല നിറമായിരുന്നു.*

കഥ വായിച്ചില്ലേ? ഉചിതമായ ശീർഷകം നൽകി ഔചിത്യം എഴുതുക.



exam WINNER ®

ബി) *"കർണ്ണങ്ങളാലൊന്നു തിണ്ണം കുലമ്പിച്ചു*
*കണ്ണൻകുഴൽക്കു കൊടുത്തു ചെമ്മേ."*

ഇങ്ങനെ നിന്നതാരാണ്?

(ഷഡ്പദങ്ങൾ, പശുക്കൾ, മാൻപേടകൾ)

**പ്രവർത്തനം 6 - ജീവചരിത്രക്കുറിപ്പ്**

- എം.പി. പോൾ അവാർഡ്
- കേരള, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡുകൾ,
- മുട്ടത്ത് വർക്കി അവാർഡ്


നോവലിസ്റ്റ്
കഥാകൃത്ത്

ഹാസ്യരചനകൾ

ചിരിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്ന രചനകൾ

വടക്കേ കൂട്ടാല നാരായണൻകുട്ടി നായർ

തിരക്കഥ - അപ്പുണ്ണി



വി.കെ.എൻ.

- യു.എൻ.എ.
- ആകാശവാണി
- പത്രപ്രവർത്തകൻ

സ്വന്തം ജീവിതാനുഭവങ്ങൾ പയ്യൻ എന്ന കഥാപാത്രത്തിലൂടെ അവതരിപ്പിച്ചു.

പിതാമഹൻ
ആരോഹണം
പയ്യൻ കഥകൾ

ജനനം- 1929 ഏപ്രിൽ 7
തിരുവില്വാമല
മരണം- 2004 ജനുവരി 25

'പ്രാതൽ' എന്ന കഥ എഴുതിയ വി.കെ.എൻ.ന്റെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.